LIBRARY ARCHIVES Kerala Legislative Assembly

കോതി-പള്ളിക്കണ്ടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പു നടപടികൾ

163 (2293) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കോതി-പള്ളിക്കണ്ടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പു നടപടികൾ 14 വർഷമായിട്ടും പൂർത്തിയായിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് ത്വരിതപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) അപ്രോച്ച് റോഡിനുവേണ്ടി ഏറ്റെടുക്കേണ്ട സ്ഥലത്തെ 11 ബ്ലോക്കുകളിൽ 10 എണ്ണത്തിലെ കെട്ടിടങ്ങളുടെ വാല്യുവേഷൻ പൂർത്തിയായിട്ടുണ്ട്. ഇവിടെയുള്ള ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുനരധിവാസം പൂർത്തീകരിച്ച് സ്ഥലം ലഭ്യമാവുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വയനാട് ജില്ലയിലെ വികസന പ്രവർത്തനങ്ങൾ

164 (2264) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

നിരത്തുകളും പാലങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം എ ആയും കെട്ടിട വിഭാഗം സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം ബി ആയും ചേർത്തിരിക്കുന്നു.* ദേശീയപാതാ വിഭാഗത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ അപ്ഗ്രഡേഷൻ പ്രവൃത്തികൾ

165. (2265) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്